സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ആർ.ഒ.സി.10935/09/ലാന്റ്

ദേവസ്വം കമ്മീഷണർ ആഫീസ്
തിരുവനന്തപുരം,
തീയതി:17/01/2022

## സർക്കുലർ

വിഷയം:- വൃക്ഷ രജിസ്റ്ററുകളുടെ പരിപാലനം - സംബന്ധിച്ച്

സൂചന:- 04/01/2022 ലെ ആർ.ഒ.സി.50/21/ലാന്റ് നമ്പർ ബോർഡുത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള തരിശായി കിടക്കുന്ന ഭൂമികളിൽ ഡിപ്പാർട്ട്മെന്റിന് ആദായകരവും, പ്രയോജനകരവുമായ വൃക്ഷത്തൈകളും ഫലവൃക്ഷത്തൈകളും നട്ടുപിടിപ്പിക്കേണ്ടതാണ്. എന്തെങ്കിലും കാരണവശാൽ വൃക്ഷങ്ങൾ മുറിച്ച് മാറ്റുന്ന പക്ഷം അതിന് പകരമായി മുറിക്കുന്ന മരങ്ങളുടെ അത്രയും എണ്ണമോ അതിൽ കൂടുതലോ പ്രയോജനകരമായ വൃക്ഷത്തൈകൾ സൗകര്യപ്രദമായ സ്ഥലത്ത് നട്ടുപിടിപ്പിക്കേണ്ടതാണ്.

കൂടാതെ, അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാരുടെ ഉത്തരവാദിത്തത്തിലും മേൽനോട്ടത്തിലും സബ്ഗ്രൂപ്പാഫീസർമാരുടെ ചുമതലയിലും, എല്ലാ സബ്ഗ്രൂപ്പുകളിലും വൃക്ഷ രജിസ്റ്ററുകൾ കൃത്യമായി പരിപാലിക്കേണ്ടതാണ്. ആയതിൽ അലംഭാവം കാണിക്കുകയോ വീഴ്ച വരുത്തുകയോ ചെയ്യുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശനമായ അച്ചടക്ക നടപടി സ്വീകരിക്കുന്നതാണ്.

ദേവസ്വം കമ്മീഷണർ

പകർപ്പ്:- 1) എല്ലാ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികൾക്കും
2) ഇ.ഡി.പി സെക്ഷൻ
3) ഫെയർ ആഫീസ് കോപ്പി

Jyo.18/1